ശ്രീ. ഈ. പി. ഗോപാലൻ: മലയാളപണ്ഡിതന്മാക്ക് മലയാളം വിദ്വാൻ പാസ്സായാൽ അതു് പരീക്ഷാ യോഗ്യതയായിട്ട കണക്കാക്കുമെന്നു പറഞ്ഞു. എന്നാൽ പതിനാറുകൊല്ലം സംസ്കൃതം പഠിച്ചിട്ടുള്ളവരും, സ്വയം ഫൈനൽ പാസായിട്ടുള്ളവരും മലയാളം അറിയാവുന്നവരുമായ സംസ്കൃതവിദ്വാൻ അല്ലെങ്കിൽ ശിരോമണി ഇവരെ ഭാഷാദ്ധ്യാപകന്മാരായിട്ട കണക്കാക്കുമോ ?

ശ്രീ. ആർ. ശങ്കർ : സംസ്കൃതപണ്ഡിതന്മാരിൽ പലക്കും മലയാളഭാഷയിൽ പ്രാവീണ്യം ഉണ്ടായിരിക്കുമെന്നുള്ളതു് ശരിയാണു്. എന്നാൽ സിലബസ് പരിശോധിച്ചുനോക്കിയതിൽ മലയാളത്തിൽ വേറെ എന്തെങ്കിലും വിഷയംകൂടി ഉൾപ്പെടുത്തിയിട്ടില്ലാത്തതുകൊണ്ടു് അതംഗീകരിക്കാൻ വിഷമമാണെന്നു കണ്ടു.

പ്രീ—പ്രൈമറി വിദ്യാഭ്യാസം

* 479. [14] ശ്രീ. എം. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പ്രീ-പ്രൈമറി വിദ്യാഭ്യാസം വികസിപ്പിക്കുന്നതിനു് സ്വീകരിച്ചിട്ടുള്ള നടപടികളും എന്തെല്ലാം ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) : പ്രീ-പ്രൈമറി വിദ്യാഭ്യാസം വികസിപ്പിക്കുന്നതിനു് താഴെപ്പറയുന്ന മൂന്നു പദ്ധതികളും സ്വീകരിച്ചിട്ടുണ്ടു്.

(1) ഡിപ്പാർട്ടുമെൻറൽ മോഡൽ നഴ്സറി സ്കൂളുകളും സ്ഥാപിക്കുക.

(2) ഡിപ്പാർട്ടുമെൻറൽ ടെയിനിംഗ് നഴ്സറി സ്കൂളുകളും സ്ഥാപിക്കുക.

(3) പ്രൈവറ്റു നഴ്സറി സ്കൂളുകൾക്കു് റക്കഗ്നിഷനും ഗ്രാൻറും നൽകുക.

ഈ പദ്ധതികളും അനുസരിച്ചു ഇതുവരെ ഇരുപത്തിമൂന്നു ഡിപ്പാർട്ടുമെൻറൽ മോഡൽ നഴ്സറി സ്കൂളുകളും, മൂന്നു് ഡിപ്പാർട്ടുമെൻറൽ നഴ്സറി സ്കൂളുകളും സ്ഥാപിച്ചിട്ടുണ്ടു്. കൂടാതെ എൺപത്തിയൊൻപതു് പ്രൈവറ്റു നഴ്സറി സ്കൂളുകൾക്കും, എട്ടു് യൂണിറ്റുകൾക്കും ഗ്രാൻറു നൽകുന്നുണ്ടു്.

ശ്രീ. എം. സി. ഏബ്രഹാം : പ്രൈവറ്റു സ്കൂളുകൾക്കു് ഗ്രാൻറു നൽകുന്നതിൽ നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകളെന്തെല്ലാമാണു്; ഒരു സ്കൂളിനു് എത്രമാത്രം സ്ഥലം ഉണ്ടായിരിക്കണമെന്നു് വ്യവസ്ഥ ചെയ്തിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : പ്രത്യേകം ചോദ്യം ചോദിക്കാതെ വ്യക്തമായി പറയാൻ നിവൃത്തിയില്ല. എങ്കിലും എൻറെ അറിവിലുള്ള സംഗതി പറയാം. കുറഞ്ഞതു് അൻപതു് സെൻറു സ്ഥലവും കുട്ടികൾക്കു് കളിക്കാനുള്ള സൗകര്യവും വേണമെന്നുണ്ടു്.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : ഇന്നു് വളരെയധികം കുട്ടികൾ കുടിപ്പള്ളിക്കൂടങ്ങളിൽ പോകുന്നുണ്ടു്. അത്തരത്തിലുള്ള കുടിപ്പള്ളിക്കൂടങ്ങൾക്കു് എന്തെങ്കിലും ഗ്രാൻറു് ഗവണ്മെൻറിൽനിന്നും കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കുമോ ?

ശ്രീ. ആർ. ശങ്കർ : കുടിപ്പള്ളിക്കൂടങ്ങളെ ആ നിലയിൽ അഭിവൃദ്ധിപ്പെടുത്തണമെന്നു് വിചാരിക്കുന്നില്ല.

ശ്രീ. എൻ. ഗോപാലക്കുറുപ്പു് : ഇന്നു് നമ്മുടെ സ്റ്റേറിലുള്ള കുടിപ്പള്ളിക്കൂടങ്ങളിലെ ആശാന്മാക്കു് പുതിയതായി വല്ല പരിശീലനവും കൊടുക്കുന്നതിനുള്ള ഏർപ്പാടു ചെയ്യുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ : ഇപ്പോഴത്തെ നഴ്സറി സ്കൂളുകളിലെ അദ്ധ്യാപകന്മാർക്കാണ് പരിശീലനം കൊടുക്കുന്നത്. ചെറിയ കുട്ടികളെ പഠിപ്പിക്കുന്നതിനു ആശാന്മാരെക്കാളും നല്ലത് ആശാട്ടിമാരാണ്. അതുകൊണ്ട് ആശാട്ടിമാർക്കാണ് ട്രെയിനിംഗ് കൊടുക്കുന്നത്.

ശ്രീ. എം. നാരായണക്കുറുപ്പ് : ട്രെയിനിംഗ് സ്കൂളുകളിൽ എത്രകാലത്തെ പരിശീലനമാണ് കൊടുക്കുന്നത്? മേൽപറഞ്ഞ മൂന്നു ട്രെയിനിംഗ് സ്കൂളുകളിൽ നിന്നും പരിശീലനം ലഭിച്ചു പുറത്തു വന്നിട്ടുള്ളവർ എത്രപേരുണ്ട് ?

ശ്രീ. ആർ. ശങ്കർ : പ്രത്യേക നോട്ടീസ് ചോദിക്കണം.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ് : നഴ്സറി സ്കൂളുകളിൽ ട്രെയിനിംഗ് കഴിഞ്ഞ അദ്ധ്യാപകന്മാരെ പഠിപ്പിക്കാൻ പാടുള്ളുവെന്നുണ്ട്. എങ്കിൽ മാത്രമേ ആ സ്കൂളിനു ഗവണ്മെന്റിൽനിന്നും ഗ്രാന്റു ലഭിക്കുകയുള്ളു എന്നാൽ ഇതിനു യോഗ്യതയില്ലാത്തവരെ കിട്ടാത്തതുകൊണ്ട് പല സ്കൂളുകളിലും അൺ ട്രെയിൻഡ് ടീച്ചേഴ്സിനെയാണ് നിയമിച്ചിട്ടുള്ളത്. അവർക്കു ഇതുവരെയും എക്സംപ്ഷൻ കൊടുക്കുകയോ ആ സ്കൂളിനു ഗ്രാന്റു കൊടുക്കുകയോ ചെയ്തിട്ടില്ലയെന്നുള്ള വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അങ്ങനെയുള്ളവരുടെ കാര്യം ഇക്കൊല്ലമെങ്കിലും പരിഗണിക്കുമോ ?

ശ്രീ. ആർ. ശങ്കർ : സത്യം പറഞ്ഞാൽ നഴ്സറി സ്കൂളുകളിൽ ട്രെയിനിംഗ് കഴിഞ്ഞ അദ്ധ്യാപകന്മാരുള്ളതിനപ്പോലും ഗ്രാന്റുകൊടുക്കാൻ സാധിച്ചിട്ടില്ല. അതിനുള്ള കാരണം സാമ്പത്തികമായ പരാധീനതയാണ്, യോഗ്യതയുള്ള അദ്ധ്യാപകന്മാർ ഉണ്ടെങ്കിൽപോലും ഗ്രാന്റു കൊടുക്കാൻ നിവൃത്തിയില്ലാത്ത സ്ഥിതിയുണ്ട്, യോഗ്യതയില്ലാത്തവരുടെ കാര്യം പരിഗണിക്കാൻ പോലും നിവൃത്തിയില്ല.

ഹൈസ്കൂളുകളിലെ ഹെഡ്ടീച്ചർമാർ

* 480. [15] ശ്രീമതി ഓ. ടി. ശാരദാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുനിസിപ്പാലിറ്റികളിൽ നിന്നും ഡിസ്ട്രിക്റ്റ്ബോർഡിൽ നിന്നും ഗവണ്മെന്റ് ഏറ്റെടുത്ത എത്ര സ്കൂളുകളിലെ ഹെഡ്ടീച്ചർമാരെ തരം താഴ്ത്തീട്ടുണ്ട് ;

(ബി) പരീക്ഷായോഗ്യതയും വളരെ കാലത്തെ സർവ്വീസുമുള്ള 29 ടീച്ചർമാരെ പെൻഷൻപറ്റി പിരിയാറായ ഘട്ടത്തിൽ റിവർട്ട് ചെയ്തിട്ടുണ്ടോ ,

(സി) അവർക്കേകരം, "ഗസറ്റഡ്" പോസ്റ്റിൽ താരതമ്യേന ചെറുപ്പക്കാരും ചിലപ്പോഴും മറ്റവരേക്കാളും കുറഞ്ഞ ശമ്പളം വാങ്ങുന്നവരുമായ ടീച്ചർമാരെ പ്രമോട്ട ചെയ്തിട്ടുണ്ടോ ;

(ഡി) 150-250 സ്കെയിലിൽ സർവ്വീസും, പരീക്ഷായോഗ്യതയും കൂടുതൽ ശമ്പളവും ഉള്ള ടീച്ചർമാരെ റിവർട്ട് ചെയ്യാതെ, അവരുടെ ഗ്രേയിഡും ഗസറ്റഡ് ആക്കാൻ ദയവുണ്ടാകുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) 150-250 രൂപ സ്കെയിലിൽ നോൺഗസറ്റഡ് ഹെഡ്മാസ്റ്റർമാരായിരുന്ന 38 പേരെ അതേ ശമ്പളത്തിൽ തന്നെ ഒന്നാംഗ്രേഡ് ടീച്ചർമാരായി മാറ്റി നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly